LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി

53 [2705] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ എത്ര ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ഇനിയും കൊടുത്തു തീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷറിനുള്ള എത്ര അപേക്ഷകളിൽ ഇനിയും തീർപ്പുകൽപ്പിക്കാനുണ്ട്;

(സി) കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ ആക്ഷേപം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2001 മുതൽ 31-3-2003 വരെ പെൻഷൻ ആയ 3978 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുവാനുണ്ട്.

(ബി) 31-3-2001-ന് ശേഷം വിരമിച്ച 4670 പേർക്ക് പ്രോവിഡന്റ് ഫണ്ട് ക്ലോഷർ നൽകാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. സാമ്പത്തിക നില മെച്ചപ്പെടുന്നതോടെ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ച ഡ്രൈവർമാർ

54 [2706] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി എത്ര ഡ്രൈവർമാരെ ഇപ്പോൾ നിയമിച്ചു;

(ബി) ഇങ്ങനെ നിയമിക്കുവാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ;

(സി) പി. എസ്. സി. വഴി റിക്രൂട്ട് ചെയ്ത പ്രസ്തുത ഡ്രൈവർമാരെ കെ. എസ്. ആർ. ടി.സി.-യുടെ സ്റ്റാഫായാണോ നിയമിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;